മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 19

# വാർത്താക്കുറിപ്പ്

---

## പരീക്ഷാ ഫീസ്

രണ്ടാം സെമസ്റ്റർ എം.എസ് സി മെഡിക്കൽ ബയോകെമിസ്ട്രി (2020 അഡ്മിഷൻ - റെഗുലർ / 2016-2019 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ 10 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 27 വരെയും 525 രൂപ പിഴയോടു കൂടി മെയ് 28 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 30 വരെയും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ നിരക്കിലും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/613/2022)

നാലാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2019 അഡ്മിഷൻ - റെഗുലർ / 2016-2018 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകൾ ജൂൺ മൂന്നിന് ആരംഭിക്കും. പിഴയില്ലാതെ മെയ് 24 വരെയും 525 രൂപ പിഴയോടു കൂടി മെയ് 25 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 26 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ നിരക്കിലും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/614/2022)

## പരീക്ഷാ തീയതി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ മൂന്നാം സെമസ്റ്റർ എം.എഡ് (2020-2022 ബാച്ച് - സി.എസ്.എസ്.) പ്രോഗ്രാമിന്റെ എക്സ്റ്റേണൽ പരീക്ഷ ജൂൺ 17 ന് ആരംഭിക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/615/2022)

## വൈവ വോസി പരീക്ഷ

2022 ഏപ്രിലിൽ നടന്ന പത്താം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2010 അഡ്മിഷൻ - ഫസ്റ്റ് മേഴ്സി ചാൻസ് / 2009 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് / 2009 ന് മുൻപുള്ള അഡ്മിഷൻ - തേർഡ് മേഴ്സി ചാൻസ് - കോമൺ) പരീക്ഷയുടെ വൈവാ വോസി പരീക്ഷ മെയ് 27

ന് എറണാകുളം ഗവണ്മെന്റ് ലോ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/616/2022)

## പരീക്ഷാ ഫലം

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ 2021 ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സയൻസ് / ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്., 2019 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/617/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ